# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2929 — 11-12-2014 ൽ മറുപടിക്ക്

## എ. ഇ. ഒ, ഡി. ഇ. ഒ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റ്റി.യു. കുരുവിള | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിദ്യാഭ്യാസരംഗത്ത് ഉണ്ടായ മികവിന് അനുസരിച്ച് എ. ഇ. ഒ ഓഫീസ് മുതൽ ഡി. പി. ഐ വരെയുള്ള ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനം മികവുറ്റതാക്കാൻ ഡി.പി.ഐ തലത്തിൽ ഇൻസ്പെക്ഷൻ നടത്തി പ്രവർത്തനം വിലയിരുത്തുന്നുണ്ട്. കൂടാതെ സെക്ഷൻ ക്ലാർക്കുമാർക്ക് ട്രെയിനിംഗും നൽകുന്നുണ്ട്. |
| (ബി) | എ.ഇ.ഒ, ഡി.ഇ.ഒ ഓഫീസുകളുടെ പ്രവർത്തനം മികവുറ്റതാക്കാൻ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം കമ്പ്യൂട്ടർ ഉൾപ്പെടെ ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ഏറ്റവും വേഗം സേവനം ലഭ്യമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, ജില്ലാ വിദ്യാഭ്യാസ ഓഫീസ് എന്നീ ഓഫീസുകളുടെ നവീകരണത്തിന് വേണ്ടി 2013-14 സാമ്പത്തിക വർഷം 49,97,700/- (നാൽപ്പത്തി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി എഴുന്നൂറ് രൂപ മാത്രം) രൂപയുള്ള ഫണ്ട് അനുവദിച്ചു. 2014-15 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയ്ക്കായി 10,37,250/- (പത്ത് ലക്ഷത്തി മുപ്പത്തി ഏഴായിരത്തി ഇരുന്നൂറ്റി അൻപത് രൂപ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | എ.ഇ.ഒ, ഡി.ഇ.ഒ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സർപ്രൈസ് വിസിറ്റുകൾ നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ? | (സി) | അഡീഷണൽ ഡി.പി.ഐ തലത്തിലുള്ള ഉദ്യോഗസ്ഥർ സർപ്രൈസ് വിസിറ്റ് നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ